**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1520** **10-10-2024 - ൽ മറുപടിയ്ക്ക്**

**നഞ്ചിയമ്മയുടെ കുടുംബഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ ഗായിക നഞ്ചിയമ്മയുടെ കുടുംബഭൂമി അന്യാധീനപ്പെട്ടതുമായി ബന്ധപ്പെട്ട കേസിൽ പാലക്കാട് മുൻ കളക്ടർ ശ്രീമതി മൃൺമയിജോഷിക്ക് ,ശ്രീ . മാരിമുത്തു എന്നയാൾ നൽകിയ മൊഴി എന്താണെന്ന് വെളിപ്പെടുത്തുമോ; | (എ) | അട്ടപ്പാടിയിലെ ഭൂമി അന്യാധീനപ്പെട്ടതുമായി ബന്ധപ്പെട്ട് ശ്രീമതി.നഞ്ചിയമ്മ മുതൽ പേർ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ 13/09/2022 തീയതിയിൽ ശ്രീ.മാരിമുത്തു എന്നവർ ഹാജരായി തർക്കഭൂമിയുടെ നികുതി ഒടുക്കിയിട്ടില്ലെന്നും തന്റെ കൈവശം നികുതി രസീത് ഇല്ലെന്നും മൊഴി നൽകിയിട്ടുള്ളതാണ്. (മൊഴിയുടെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു) |
| (ബി) | റവന്യൂ വിജിലൻസ് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം അഗളി വില്ലേജ് ഓഫീസർ ആയിരുന്ന ശ്രീമതി ഉഷാകുമാരി നൽകിയ മൊഴി എന്താണ് എന്നതിന്റെ വിവരം ലഭ്യമാക്കുമോ; | (ബി) | O.S.26/2013-ാം നമ്പർ കേസിൽ ബഹു.മണ്ണാർക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതി മുൻപാകെ DW2 സാക്ഷിയായി 24-06-2020-ന് വില്ലേജ് ഓഫീസർ ഇൻചാർജ്ജ് എസ്.വി.ഒ, ശ്രീമതി.ഉഷാകുമാരി.എസ് എന്നവർ, ഹാജരാക്കിയ നാൾവഴി രജിസ്റ്റർ പ്രകാരം സർവ്വെ നം.1167/1,6 വസ്തുവകകളിലെ 2008-2010 നാൾവഴി രജിസ്റ്റർ ആയി കാണിച്ചിരിക്കുന്ന Ext.B5 രസീത് മാരിമുത്തു, S/o. കന്തസാമി, അഗളി എന്ന പേരിൽ ഭൂനികുതി അടച്ചിട്ടില്ല എന്ന് മൊഴി നൽകിയിട്ടുണ്ട്. (മൊഴിയുടെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു) |
| (സി) | റവന്യൂ വിജിലൻസ് നടത്തിയ അന്വേഷണത്തിൽ ശ്രീ , കെ.വി മാത്യു വ്യാജരേഖയുണ്ടാക്കി ഭൂമി തട്ടിയെടുത്തു എന്ന് കണ്ടെത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | (സി) | ശ്രീ.കന്തസ്വാമി ബോയന് 1999-കേരള പട്ടികവർഗ്ഗ ഭൂമി (കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമത്തിലെ വകുപ്പ് 5(1), 5(2) പ്രകാരം നിലനിർത്തിയ ഭൂമി ശ്രീ.കെ.വി.മാത്യുവിന് കൈമാറിയ എല്ലാ നടപടിക്രമങ്ങളും പുനഃപരിശോധിക്കേണ്ടതായിട്ടുണ്ടെന്നും, ടി ഭൂമി കൈമാറ്റം നിയമാനുസൃതമല്ലെങ്കിൽ ടി വിഷയത്തിൽ സർക്കാർ കക്ഷിചേർന്ന് പ്രസ്തുത കൈമാറ്റം റദ്ദ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ റവന്യൂ വിജിലൻസിന്റെ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ എന്ത് | (ഡി) | റവന്യൂ വിജിലൻസിന്റെ റിപ്പോർട്ടിലെ ശിപാർശ |

| | | | |
|---|---|---|---|
| | ശിപാർശയാണ് നൽകിയത് എന്ന് വ്യക്തമാക്കുമോ? | | അനുബന്ധം III ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

File No. DCPKD/16534/2019-LRG 3

Hearing on 13/09/2022

Marimuthu - Tax has not been paid & no tax receipt is available.

Advocate for Kausalya -

~~The [illegible] of sale~~

So The property is below 2 hectares and hence not be hit by the Act. There are 8 legal heirs for Kandhaswamy - All the parties be impleaded - is the request.

SVO - needs time to examine the documents.

Advocate for K. V Mathew - the legal heirs are not necessary party as that is not the question to be decided in appeal.

secure the judgement of the sub court and then put up the file.

M
13/9/22

Judicial 250,000 16/261 27 5 2014 GPE © Govt.of Kerala

Deposition Form Rule 14 C.R.P.

2020-ാമാണ്ട് ജൂൺ? മാസം 24-ാം തീയ്യതി

മണ്ണാർക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോർട്ടിൽ 2013-ാമാണ്ട്

സിവിൽ OS 26-ാം നമ്പരിൽ DW2 ഭാഗം ..........-ാം സാക്ഷി സത്യംചെയ്തു ബോധിപ്പിച്ച മൊഴി

~~സമ്മൻ~~

പേര്: ഉഷാകുമാരി. S.

അച്ഛന്റെയോ കാരണവന്റെയോ പേര്:

വയസ്സ്: 42

ജാതി: ഹിന്ദു ഈഴവ

മതം: ഹിന്ദു

തൊഴിൽ: [illegible]

വഴി: [illegible]

വാസസ്ഥലം: [illegible]

സത്യം ചെയ്യിക്കുന്ന ഗുമസ്തന്റെ പേര്: [illegible]

[illegible] 2005 [illegible] Register [illegible] Register [illegible] 1164/16 [illegible] Register [illegible] 2008-2010 [illegible] Register [illegible] S/o marked as Ext 35 Series. [illegible]

ഓർക്കുന്നില്ല

[illegible signature]

C. B. Mohan

ബോണ്ട് പേപ്പറുകൾ വാങ്ങുന്നത് നിങ്ങൾ ആണ്
അല്ലേ?

ശരി. Schedule Transfer
ബോണ്ട് പേപ്പറുകൾ വാങ്ങി Sub Collector
അവർകളുടെ പേരിൽ ആണ്
നൽകുന്നത് അല്ലേ?

നിർദ്ദേശിച്ചു. ബോണ്ടുകൾ ഉണ്ടാക്കി
Ext X1 Marked
ആണ്.

Re examination: നിഷേധിച്ചു

Q. ബോണ്ട് പേപ്പറുകൾ അടിച്ചത് ആരാണ്?
A. [illegible]
[illegible] Road

Q. Ext X1 ന്റെ തീയതി എന്താണ്?
28.02.2020 തീയതി.

Q.

മൊഴി വായിച്ചുകേട്ടു ശരിവെച്ചു.

24/6/2020.

Taken down by me/ before me in open court interpreted/ read over to the witness and admitted by him/her to be

വി2–1273/2022/പി

മദ്ധ്യമേഖല റവന്യൂ വിജിലൻസ്
ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയം,
എറണാകുളം, സിവിൽ സ്റ്റേഷൻ
കാക്കനാട്, ഫോൺ – 0484 2421672
തീയതി : 28/01/2023

ഡെപ്യൂട്ടി കളക്ടർ
റവന്യൂ വിജിലൻസ്, മദ്ധ്യമേഖല.

ലാൻഡ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം

ബഹുമാനപ്പെട്ട മാഡം,

വിഷയം: റവന്യൂ വിജിലൻസ് അന്വേഷണം – പാലക്കാട് ജില്ല – അട്ടപ്പാടി ട്രൈബൽ താലൂക്ക് – വ്യാജ രേഖകൾ ഉണ്ടാക്കി ആദിവാസികളുടെ ഭൂമി തട്ടിയെടുത്തുവെന്ന പരാതി –അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന : ലാൻഡ് റവന്യൂ കമ്മീഷണറുടെ 16/9/2022 ലെ LR/10378/2022/LR(J8) നമ്പർ കത്ത്.

..............

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. സൂചന കത്തിലെ നിർദ്ദേശ പ്രകാരം അന്വേഷണ നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് അനുബന്ധ രേഖകൾ സഹിതം ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി കളക്ടർ(റവന്യു വിജിലൻസ്)

ഉള്ളടക്കം: 1. അന്വേഷണ റിപ്പോർട്ട്
2. അനുബന്ധ രേഖകൾ 1 മുതൽ 27 വരെ

Pls put up urgently
30/01/23

# മദ്ധ്യമേഖല റവന്യൂ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ അന്വേഷണ റിപ്പോർട്ട്

വി2/1273/2022/പി തീയതി: 28/01/2023

വിഷയം: റവന്യൂ വിജിലൻസ് അന്വേഷണം – പാലക്കാട് ജില്ല – അട്ടപ്പാടി ട്രൈബൽ താലൂക്ക് – വ്യാജ രേഖകൾ ഉണ്ടാക്കി ആദിവാസികളുടെ ഭൂമി തട്ടിയെടുത്തുവെന്ന പരാതി –അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന : ലാൻഡ് റവന്യൂ കമ്മീഷണറുടെ 16/9/2022 ലെ LR/10378/2022/LR(J8) നമ്പർ കത്ത്.

---

## I ആമുഖം

കൈമാറ്റം, പട്ടയം, പണയം എല്ലാറ്റിനുമുപരിയായി അനധികൃത കൈയ്യേറ്റം മൂലം സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കൈവശത്തിൻ കീഴിലുണ്ടായിരുന്ന ഭൂമിയുടെ വ്യാപ്തി കാലക്രമേണ കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെയും ഗോത്രവർഗ്ഗക്കാരല്ലാത്ത വ്യക്തി ആദിവാസിഭൂമിയിൽ അധിനിവേശം നടത്തുന്നതും ആദിവാസികൾക്ക് തുച്ഛമായ പണവും പാരിതോഷികവും നൽകി അവരെ ചൂഷണം ചെയ്ത് പാരമ്പര്യഭൂമി തട്ടിയെടുക്കുന്ന ഇടപാടുകളിലേക്കെത്തിച്ച് കബളിപ്പിക്കുന്നതും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കേരള സർക്കാർ 1961–ൽ മൂല്യനിർണ്ണയസമിതി രൂപീകരിക്കുകയും ആദിവാസികളുടെ പരമ്പരാഗത തൊഴിൽ മേഖലകളിൽ അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക നിയമ നിർമ്മാണം കൊണ്ടുവരണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഗോത്രവർഗ്ഗക്കാരല്ലാത്ത വ്യക്തികൾക്ക് ഗോത്രവർഗ്ഗക്കാരുടെ ഭൂമി വിൽപനയിലൂടെയോ, പാട്ടത്തിന് നൽകിയോ, നടത്തുന്ന കൈമാറ്റങ്ങൾ പൊതുവെ നിരോധിക്കുന്നതിന് നിയമനിർമ്മാണം അനിവാര്യമായതു കൊണ്ടും ബഹു.പട്ടികവർഗ്ഗഗോത്രമേഖല കമ്മീഷനും സമാനമായ രീതിയിൽ

ശുപാർശകൾ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 01-01-1982-തീയതി പ്രാബല്യത്തിൽ G.O.MS.No.51/86/RD, തീയതി 20-01-1986-ാം നമ്പർ ഉത്തരവ് പ്രകാരം The Kerala Scheduled Tribes (Restriction Transfer and Restoration of Alienated Lands) Act, 1975, SRO നം.130/86 24-01-1986-ലെ Kerala Gazette No.89- ൽ വിജ്ഞാപനം ചെയ്യുകയുണ്ടായി. ടി നിയമത്തിന് ബഹു.ഇന്ത്യൻ പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുകയും, ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ 40-ാം ഭരണഘടനാ ഭേദഗതിയായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ നിയമത്തിലൂടെ പട്ടികവർഗ്ഗഗോത്രത്തിൽപ്പെട്ടുവരുന്ന ഭൂമി അന്യാധീനപ്പെടുന്നത് തടയാനും ഇത്തരത്തിൽ അന്യാധീനപ്പെട്ട ആദിവാസികളുടെ ഭൂമി അവർക്ക് പുനഃസ്ഥാപിച്ചു കിട്ടുന്നതിനും ലക്ഷ്യമിട്ടിരുന്നു.

ടി നിയമം പ്രാബല്യത്തിൽ വന്നതുമുതൽ ആയതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ പാലിക്കപ്പെടുന്നില്ലെന്ന് കാണിച്ച് ധാരാളം ആക്ഷേപങ്ങളും ലഭിച്ചിരുന്നു. ടി നിയമത്തിന്റെ രൂപത്തിലും ഉള്ളടക്കത്തിലുമുള്ള അന്തസത്തയെ കാത്തുസൂക്ഷിക്കുന്നില്ലെന്ന് പരാതിപ്പെട്ട് OP.8879/1998 നം.കേസ് ബഹു.കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്യുകയും, 1975-ലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച എല്ലാ അപേക്ഷകളിന്മേലും 6 മാസത്തിനുള്ളിൽ തീർപ്പു കൽപ്പിക്കുന്നതിന് 15-08-1993-ൽ ബഹു.ഹൈക്കോടതി ഉത്തരവാകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ഇത്തരത്തിൽ അന്യാധീനപ്പെട്ട ആദിവാസിഭൂമി ഏറ്റെടുത്ത്, തിരികെ നൽകുന്നതിന് ചുമതലപ്പെടുത്തിയിരുന്നു. പാലക്കാട്, വയനാട്, ഇടുക്കി, കോട്ടയം എന്നീ ജില്ലകളിൽ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിനായി ലഭിച്ച അപേക്ഷകൾ അസാധാരണമാംവിധം വ്യാപ്തിയുള്ളവയായിരുന്നുവെന്ന് ബന്ധപ്പെട്ട ജില്ലകളിലെ റവന്യൂ ഡിവിഷണൽ ഓഫീസർമാർ സർക്കാരിനെ അറിയിക്കുകയും, ടി കാര്യം

ബഹു.ഹൈക്കോടതി മുൻപാകെ ബോധിപ്പിക്കുകയും തീരുമാനമെടുക്കുന്നതിന് സാവകാശം ആവശ്യപ്പെടുകയും ചെയ്തിരുന്നു. അന്യാധീനപ്പെട്ട ആദിവാസി ഭൂമി പുന:സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ നടപടിക്രമങ്ങൾക്കെതിരെ വ്യാപകമായ പ്രതിഷേധമുണ്ടാവുകയും, ക്രമസമാധാനനില തകരാറിലാവുകയും ചെയ്യുന്നുവെന്ന വിവരം ബഹു.ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും പ്രസ്തുത അന്യാധീനപ്പെട്ട പുന:സ്ഥാപിക്കൽ നടപടികൾ താല്ക്കാലികമായി നിർത്തി വച്ചു ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ ഒരു ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് 1975-ലെ നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ടി ഭൂമി കൈമാറ്റത്തിലൂടെ ലഭ്യമായ മറ്റു വിഭാഗത്തിൽപ്പെട്ടവരുടെ താല്പര്യങ്ങൾ കൂടി സംരക്ഷിക്കുന്നതിന് കേരള നിയമസഭ 23-10-1996-ൽ The Kerala Scheduled Tribe (Restriction on Transfer and Restoration of Alienated Lands) Amendment Bill 23-03-1996-ൽ പാസ്സാക്കുകയും പ്രസിഡന്റിന്റെ അംഗീകരാത്തിനായി സമർപ്പിക്കുകയും ചെയ്തു.

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടുവരുന്നവരുടെ യഥാർത്ഥപ്രശ്നം 01-01-1960 മുതൽ 24-01-1986 വരെ കൈമാറ്റം ചെയ്ത ഭൂമി മാത്രമല്ലെന്നും, വിവിധ പട്ടികവർഗ്ഗഗോത്രവിഭാഗത്തിൽപ്പെട്ടുവരുന്ന പ്രതിനിധികളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ 40 ആർസിൽ (1 ഏക്കർ) കുറയാത്ത ഭൂമി ഭൂരഹിതരായ ഗോത്രവർഗ്ഗവിഭാഗക്കാരുടടെ കുടുംബങ്ങൾക്ക് അവർ അധിവസിക്കുന്ന ജില്ലകളിൽ തന്നെ നൽകുന്നതിനും കൂടാതെ ചെറുകിട നാമമാത്രകർഷകരായ പട്ടികവർഗ്ഗഗോത്രവിഭാഗക്കാരല്ലാത്തവരുടെ 2 ഹെക്ടർ വരെയുള്ള ഭൂമി അവരുടെ കൈവശത്തിൽ നിലനിർത്തുന്നതിനും 2 ഹെക്ടറിൽ കൂടുതലായുള്ള കൈവശഭൂമി ബന്ധപ്പെട്ട കൈമാറ്റത്തിന് വിധേയമായ പട്ടികവർഗ്ഗഗോത്രവിഭാഗത്തിന് തിരികെ

നൽകുന്നതിനും അവരുടെ സമഗ്രമായ ഉന്നമനത്തിനുമായാണ് The Kerala Restriction on Transfer by and Restoration of Lands to Scheduled Tribes Act 1999 -ൽ കേരള നിയമസഭ പാസ്സാക്കിയതെന്ന് അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## II. അന്വേഷണ നടപടികൾ

1. ബഹു. ലാൻഡ് റവന്യൂ കമ്മീഷണറുടെ 15/10/2022 ലെ LR/10378/2022-LR(J8) നമ്പർ നടപടിക്രമ പ്രകാരം നിയമിച്ച ജൂനിയർ സൂപ്രണ്ട് ശ്രീ.സജി.ആർ.എസ്, ദക്ഷണിമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.വിജീന്ദ്രകുമാർ.വി.ആർ ഈ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ജൂപൻ.പി.ജെ, ഓഫീസ് അറ്റൻഡന്റ് ശ്രീ.അജിത്ത്കുമാർ.വി. എന്നിവർ ഉൾപ്പടെയുള്ള അന്വേഷണ സംഘം 2022 ഒക്ടോബർ 25, 26 തീയതികളിൽ പാലക്കാട് കളക്ട്രേറ്റ്, അഗളിയിലെ അട്ടപ്പാടി ട്രൈബൽ താലൂക്ക് ഓഫീസ്, അഗളി വില്ലേജ് ഓഫീസ് എന്നീ കാര്യാലയങ്ങൾ സന്ദർശിച്ച് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചു.
2. ശ്രീമതി.നഞ്ചിയമ്മയുടെ ഭർതൃ പിതാവ് ശ്രീ.നാഗന്റെ ഉൾപ്പെടയുള്ള പരാതിക്കാസ്പദമായ ആദിവാസി ഭൂമികൾ നേരിൽ പരിശോധിച്ചു

## III. അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുക്കൾ

### 1. കേരള നിയമസഭയിൽ ഉന്നയിച്ച പാലക്കാട് ജില്ലയിലെ ഗോത്രവർഗ്ഗഭൂമി പ്രശ്നങ്ങൾ

പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ ആദിവാസികളുടെ ഭൂമി വ്യാജരേഖകൾ ചമച്ച് തട്ടിയെടുക്കാനുള്ള ആസൂത്രിതമായ ശ്രമങ്ങൾ നടക്കുന്നുവെന്ന് 15-ാം കേരളനിയമസഭയുടെ 6-ാം സമ്മേളനത്തിൽ അവതരിപ്പിച്ച ശ്രദ്ധ ക്ഷണിക്കൽ

പ്രമേയത്തിൽ അവതരിപ്പിക്കുകയും ടി വിഷയത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘം പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നിർദ്ദേശവും ലഭിച്ചിരുന്നു.

പാലക്കാട് ജില്ലയിൽ അട്ടപ്പാടി താലൂക്കിലെ അഗളി വില്ലേജിൽ പരാതിയ്ക്കടിസ്ഥാനമായ ഫീൽഡ് പരിശോധനയുടെയും പാലക്കാട് കളക്ടറേറ്റ്, അട്ടപ്പാടി താലൂക്ക് ഓഫീസ്, അഗളി വില്ലേജ് ഓഫീസ് എന്നിവിടങ്ങളിലെ റെക്കോർഡുകൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ വെളിവായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## 2. അന്യാധീനപ്പെട്ട ഗോത്രവർഗ്ഗഭൂമി വീണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പരാതി കക്ഷിയുടെ പേരും മേൽ വിലാസവും | വില്ലേജ് | സർവ്വെ നമ്പർ | വിസ്തീർണ്ണം | റഫറൻസ് |
|---|---|---|---|---|---|
| 1 | കാളി മകൻ ബാബു ചാവടിയൂർ | പുതൂർ | 1130/pt | 5 ഏക്കർ | TLA 1171/87<br>TLA 1173/87 |
| 2 | പൊന്നുസ്വാമി മകൻ മുരുകേഷ് ഷോളയൂർ | കോട്ടത്തറ | 148/1 pt | 78 സെന്റ് | |
| 3 | മണിയൻ ഭാര്യ ഭദ്രമ്മാൾ, കോട്ടത്തറ | അഗളി | 611/2 | 6 ഏക്കർ | 1)F-1564/21 dt.12-08-2022<br>2)TLA-1042/87 dt.28-03-2016 |

| | | | | | |
|---|---|---|---|---|---|
| 4 | ജങ്കൻ മകൻ കാടൻ, കോട്ടത്തറ | അഗളി | 522/1<br>522/2 | 50.7 ഏക്കർ | TLA-693/87 |
| 5 | രംഗൻ മകൾ ശെൽവി, കോട്ടത്തറ | അഗളി | 496/pt | 13.13 ഏക്കർ | TLA-592/87<br>dt.12-03-21<br>LRG.3-6933/21<br>dt.22-07-22<br>F1-2304/22 |
| 6 | കക്കി മകൻ മണപ്പൻ, അഗളി | അഗളി | 1731/pt | 9 ഏക്കർ | A-7720/15<br>dt.17-11-16<br>of<br>SC ottappalam |
| 7 | രംഗൻ മകൻ മണിയൻ മൂപ്പൻ, അഗളി | പുതൂർ | 1089/1 | 11.2 ഏക്കർ | LRG6-5738/19 |
| | | കോട്ടത്തറ | 747/1<br>മുതൽ<br>747/6<br>വരെ | | A3-444/19<br>A3- 4744/19 |
| 8 | വഞ്ചി, ധ/ഠ കാരമട ഷോളയാർ | ഷോളയാർ | 940/ pt | 8.18 ഏക്കർ | |
| 9 | ബൊതിയൻ മകൻ ബാബു, പാടവയൽ | പാടവയൽ | 746/3 | 0.53 ഏക്കർ | TLA-381/87 |
| 10 | ശെൽവരാജ് ഭാര്യ | പാടവയൽ | 463/ pt3 | 8.64 ഏക്കർ | TLA-385/87 |

| | | | | | |
|---|---|---|---|---|---|
| | നഞ്ചി, പാടവയൽ | | | | dt.12/08/2011<br>TLA-386/87<br>dt.10/08/2011<br>F1-2309/22 dt. 23/09/2022 |
| 11 | ശെൽവൻ ഭാര്യ നാഗമ്മ പാടവയൽ | പാടവയൽ | 755/ pt1 | 3 ഏക്കർ | |
| 12 | വേലൻ മകൻ വെള്ളിങ്കിരി കോട്ടത്തറ | കോട്ടത്തറ | 436/3,<br>436/4 | 2.79 ഏക്കർ<br>0.98 ഏക്കർ | TLA-1083/87 |
| 13 | രംഗൻ മകൻ മണി, ഷോളയാർ | കോട്ടത്തറ | 1171/2<br>1171/3 | | F1-2313/22<br>dt.13/10/22 |
| 14 | ചെല്ലൻ മകൻ പെരുമാൾ, ഷോളയാർ | കോട്ടത്തറ | 1210/ pt | 6 ഏക്കർ | F1-2314/22<br>dt.23/08/22 |
| 15 | പളനി മകൾ പാപ്പ, കോട്ടത്തറ | കോട്ടത്തറ | 733/3 | 8 ഏക്കർ | F1-2315/22<br>dt.12/08/22<br>TLA-475/87<br>dtd.16/2/21 |
| 16 | നഞ്ചൻ മകൻ ബാബുരാജ്, പുതൂർ | പുതൂർ | 877/1 | 6 ഏക്കർ | TLA-546/87<br>TLA-1204/87 |

| | | | | | |
|---|---|---|---|---|---|
| 17 | ചെല്ലൻ മകൻ മുരുകേശൻ | അഗളി | 576/2<br>577/1<br>578/2<br>578/3 | | F1-2316/22 dt.20-08-2022 |
| 18 | രാമൻ ഭാര്യ ചെല്ലി, ചിറ്റൂർ (പി.ഒ) | കോട്ടത്തറ | 284/ pt | | |
| 19 | രാഘവൻ ഭാര്യ രേശി പുതൂർ | കോട്ടത്തറ | 284/ pt | 0.20 ഏക്കർ | |
| 20 | ചൊക്കൻ മകൻ ബോറൻ | അഗളി | 547/2<br>547/3 | 9.50 ഏക്കർ | F1-891/21 dt.11-08-2022 TLA-593/87 & 595/87 |
| 21 | മരുതൻ മകൻ ഉണ്ണികൃഷ്ണൻ അഗളി | അഗളി | 648/2<br>657/6 | 7.50 ഏക്കർ | LRG6-2013/62339/9 dt.22-08-2017 |
| 22 | നാഗൻ മകൻ കുമരപ്പൻ, മരുതി നഞ്ചി (മരുമകൾ) | അഗളി | 1167/1 | 4 ഏക്കർ | TLA 297/87 LRG6-33475/96 dt.11-06-99 |

3. <u>ശ്രീ.നാഗൻ (ശ്രീമതി. നഞ്ചിയമ്മയുടെ ഭർതൃ പിതാവ്) എന്നവരുടെ അന്യാധീനപ്പെട്ട ഭൂമി സംബന്ധിച്ച വിഷയം</u>

ശ്രീ.നാഗൻ എന്നവരുടെ അന്യാധീനപ്പെട്ട ഭൂമി 1975-ലെ പട്ടികവർഗ്ഗഭൂമി കൈമാറ്റ നിയന്ത്രണ നിയമപ്രകാരം തിരികെ ലഭിക്കുന്നതിനായി സമർപ്പിച്ച പരാതിയിന്മേൽ ടി

നിയമത്തിലെ വകുപ്പ് 6(2) ന്റെ വ്യവസ്ഥകൾക്ക് വിധേയമായി ഭൂമി തിരിച്ചെടുക്കുന്നതിന്റെയും ആയതിന്റെ അപ്പീൽ നടപടികളും പരിശോധിച്ചിരുന്നു.

ശ്രീ.നാഗൻ എന്നവരുടെ പരാതിയിന്മേൽ ഒറ്റപ്പാലം റവന്യൂ ഡിവിഷണൽ ഓഫീസർ 11-10-1995-ൽ TLA 297/87 നം. നടപടിക്രമപ്രകാരം പുറപ്പെടുവിച്ച ഉത്തരവിനെതിരെ എതിർകക്ഷി ശ്രീ.കന്തസാമി ബോയൻ സമർപ്പിച്ച അപ്പീലിൽ 11-06-1999-ലെ എൽ.ആർ.ജി.6-39475/99 നം.നടപടിക്രമപ്രകാരം പാലക്കാട് ജില്ലാ കളക്ടർ ടി കേസ് പുന:പരിശോധിക്കുവാൻ ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇരുകക്ഷികളെയും നേരിൽ കേട്ട് ഒറ്റപ്പാലം റവന്യൂ ഡിവിഷണൽ ഓഫീസർ വിചാരണ നടത്തുകയും ചെയ്തിട്ടുണ്ട്. പരാതിക്കാരനായ ശ്രീ.നാഗനു വേണ്ടി ശ്രീ.കുമരപ്പൻ, ശ്രീമതി.മരുതി, ശ്രീമതി.നഞ്ചി എന്നിവരും ശ്രീ.കന്തസ്വാമി ബോയനു വേണ്ടി ശ്രീ.മാരിമുത്തു, ശ്രീമതി.കൗസല്യ ടി ഭൂമിയിലെ നിലവിലെ കൈവശക്കാൻ ശ്രീ.കെ.വി.മാത്യു എന്നിവരും ഹാജരായതായി കാണുന്നു.

മുൻ പെരിന്തൽമണ്ണ താലൂക്കിൽപ്പെട്ട അഗളി അംശം, മേലെ അഗളി ഊരിൽ മണ്ണക്കാരൻ മണിയൻ മകൻ നാഗൻ, ബോയൻ മകൻ മാരിബോയൻ എന്നവർക്ക് മണ്ണാർക്കാട് സബ് രജിസ്ട്രാർ ഓഫീസിലെ 616/1962-ാം നമ്പർ തീരാധാരപ്രകാരം സർവ്വെ ചെയ്തിട്ടില്ലാത്ത 4 ഏക്കർ ഭൂമി കൈമാറ്റം ചെയ്തതായി കാണുന്നു. **(അനുബന്ധം-1)** അഗളി സബ് രജിസ്ട്രാർ ഓഫീസിലെ 906/1962-ാം നമ്പർ ജന്മതീറാധാരപ്രകാരം ശ്രീ.ഗോപാലകൃഷ്ണമേനോൻ ശ്രീ.മാരിബോയൻ മകൻ കന്തസ്വാമിബോയൻ എന്നവർക്ക് വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ലാത്ത ഭൂമി കൈമാറിയിട്ടുള്ളതായി കാണുന്നു. **(അനുബന്ധം-2)**

ശ്രീ.നാഗൻ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടയാളാണെങ്കിലും ടി ഭൂമി കൈമാറിക്കിട്ടിയ ശ്രീ.കന്തസാമിബോയൻ പട്ടികവർഗ്ഗവിഭാഗത്തിൽ ഉൾപ്പെടാത്തയാളുമാണ്. പരിധിയിൽ കൂടുതൽ ഭൂമി കൈവശമുണ്ടായിരുന്നതിനാൽ ശ്രീ.കന്തസാമിബോയനിൽ നിന്നും മണ്ണാർക്കാട് TLB യുടെ 12-02-1987-ലെ

CC.638/1973-ാം നമ്പർ പ്രകാരം അഗളി വില്ലേജിലെ താഴെപ്പട്ടികയിൽ പറയുന്ന ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്ത് ഉത്തരവായിരുന്നു.

| ക്രമ നം. | സർവ്വെ നം. | വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|---|
| 1 | 1093/5 | 1.37 |
| 2 | 1121 | 14.93 |
| 3 | 1074 | 4.50 |
| 4 | 1167 | 2.11 |
| 5 | 1098/3 | 1.40 |
| 6 | 1973 | 4.86 |
| 7 | 1103/2 | 0.50 |
| 8 | 1167 | 1.30 |
| ആകെ | | 30.97 ഏക്കർ |

മേൽ പട്ടികയിൽ നിന്നും 28-12-1987-ൽ താഴെപ്പട്ടികയിൽ വിവരിക്കുന്ന സ്ഥലം മിച്ചഭൂമിയായി അഗളി വില്ലേജ് ഓഫീസർ സർക്കാരിനുവേണ്ടി ഏറ്റെടുത്തിട്ടുള്ളതായും കാണുന്നു. **(അനുബന്ധം-3)**

| ക്രമ നം. | സർവ്വെ നം. | വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|---|
| 1 | 1073 | 4.86 |
| 2 | 1103/2 | 0.50 |
| 3 | 1098/3 | 1.40 |
| 4 | 1167/1 | 1.30 |
| 5 | 1167/6 | 2.11 |
| 6 | 1093/5 | 1.13 |
| ആകെ | | 11.30 ഏക്കർ |

ശ്രീ.നാഗന്റെ അന്യാധീനപ്പെട്ട ഭൂമി 1975–ലെ നിയമപ്രകാരം പുന:സ്ഥാപിക്കുന്നതിനുള്ള അപേക്ഷ പരിഗണിച്ചപ്പോൾ മാത്രമാണ് ശ്രീ.നാഗന്റെ ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച് വ്യക്തത ഉണ്ടാകുന്നത്. 616/62, 906/62 എന്നീ നമ്പർ ആധാരങ്ങളിലെ എലുക വിവരണം അനുസരിച്ച് യഥാക്രമം ശ്രീ.മണിയൻ മകൻ നാഗൻ, ശ്രീ.മാരിബോയന് കൈമാറിയ ഭൂമി അഗളി വില്ലേജിലെ പ്രിലിമിനറി സർവ്വെ നം.1167/1–ൽപ്പെട്ട 2.70 ഏക്കർ ഭൂമിയും ശ്രീ.ഗോപാലമേനോൻ കന്തസാമിബോയന് കൈമാറിയത് പ്രിലിമിനറി സർവ്വെ നം.1167/6–ൽപ്പെട്ട 2.11 ഏക്കർ ഭൂമിയാണെന്നും 22–08–1987–ൽ താലൂക്ക് സർവ്വെയർ തയ്യാറാക്കിയ സ്കെച്ചിലൂടെയും **(അനുബന്ധം–4)** അഗളി വില്ലേജ് ഓഫീസറുടെ 17–01–2020–ലെ റിപ്പോർട്ടിലൂടെ വ്യക്തമാണ്. **(അനുബന്ധം–5)**

ടി 1167 സർവ്വെ ഫീൽഡിൽ 1167/6–ൽപ്പെട്ട 2.11 ഏക്കർ ഭൂമി പൂർണ്ണമായും 1167/1–ൽപ്പെട്ട 2.70 ഏക്കറിൽ നിന്നും 1.30 ഏക്കർ ഭൂമിയും മിച്ചഭൂമിയായി ശ്രീ.കന്തസ്വാമി ബോയൻ നൽകിയ ഓപ്ഷന്റെ അടിസ്ഥാനത്തിൽ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ടി സർവ്വെ നമ്പരിൽ, അതായത് 1167/1–ൽ നിന്നും 1.40 ഏക്കർ ഭൂമി കന്തസ്വാമിബോയന്റെ പേരിൽ നിലനിർത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കന്തസ്വാമിബോയൻ 23–12–2001–ൽ മരണപ്പെട്ട ശ്രീ. കന്തസ്വാമി ബോയന്റെ ഭാര്യമാരാണെന്ന അവകാശവാദവുമായി ശ്രീമതി.ഈശ്വരി അമ്മാൾ, ശ്രീമതി.കൃഷ്ണവേണിയും, മകനാണെന്ന അവകാശവാദവുമായി മാരിമുത്തുവും രംഗത്തുവരികയും ഇവരുടെ മക്കൾ തമ്മിൽ അവകാശത്തർക്കം ഉണ്ടാകുകയും ബഹു.കേരള ഹൈക്കോടതി ഉൾപ്പെടെ കേരളത്തിനകത്തും പുറത്തും വിവിധ നീതിന്യായ കോടതികളിൽ നിയമാനുസൃത അവാകാശികൾ ആരാണെന്ന വിഷയത്തിൽ വ്യവഹാരം നിലനിൽക്കുകയും ടി വ്യവഹാരങ്ങളിൽ ബഹു.നീതിന്യായകോടതികൾ അന്തിമതീരുമാനം പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണെന്ന് പരിശോധനയിൽ

വ്യക്തമായിട്ടുണ്ട്. ബഹു.കേരള ഹൈക്കോടതിയുടെ നം.വിധിന്യായത്തിൽ ടിയാന്റെ ആദ്യവിവാഹം ശ്രീമതി.ഈശ്വരിയമ്മയുമായും രണ്ടാം വിവാഹം ശ്രീമതി.കൃഷ്ണവേണിയുമായിട്ടാണെന്നും പ്രതിപാദിച്ചുകാണുന്നു. **(അനുബന്ധം-6)** മണ്ണാർക്കാട് തഹസിൽദാരുടെ FDIS 161/96 നം. ജാതിസർട്ടിഫിക്കറ്റ് പ്രകാരം ശ്രീ.മാരിമുത്തു എന്നവർ, കന്തസാമിയുടെയും രാമിയുടെയും മകനാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. **(അനുബന്ധം-7)** ശ്രീ.കന്തസ്വാമിയുമായി ബന്ധപ്പെട്ടുള്ള മേൽ പരാമർശിച്ച രേഖകളിൽ ഭാര്യയുടെ സ്ഥാനത്ത് ടി മൂന്നു വനിതകളുടെ പേരുകൾ പരാമർശിച്ചു കാണുന്നു. ആദ്യഭാര്യ ശ്രീമതി.ഈശ്വരിയമ്മാളാണെന്നും, ടി വിവാഹബന്ധത്തിൽ വനജ എന്നൊരു മകൾ ജനിച്ചിട്ടുള്ളതായും രണ്ടാംഭാര്യയായ കൃഷ്ണവേണിയിൽ രവിപ്രകാശ്, റാണി, രജനി, കൗസല്യ, കവിത എന്നിങ്ങനെ 5 മക്കൾ ഉള്ളതായും അവകാശവാദം നിലനിൽക്കുന്നതായി കോടതി വ്യവഹാരങ്ങളിലെയും **(അനുബന്ധം-8)** കന്തസ്വാമിബോയന്റെയും നോട്ടറി സാക്ഷ്യപ്പെടുത്തിയ ഒസ്യത്തിലൂടെയും വ്യക്തമാകുന്നു. **(അനുബന്ധം-9)** എന്നാൽ ടി അവകാശവാദങ്ങളിൽ കോടതി നിയമപരമായ അവകാശികൾ ആരൊക്കെയാണെന്നതിൽ അന്തിമതീർപ്പ് കല്പിച്ചിട്ടുള്ളതായി കാണുന്നില്ല. ടി അവകാശത്തർക്കം സിവിൽ സ്വഭാവമുള്ളതാണ്. രാമി മകൻ മാരിമുത്തു ശ്രീ.കന്തസാമിയുടെ നിയമപരമായ ഏകഅനന്തരാവകാശിയാണെന്ന് ഏതെങ്കിലും പര്യാപ്തമായ അധികാരകേന്ദ്രം ഉത്തരവ് പുറപ്പെടുവിച്ചതായും കാണുന്നില്ല. ഒറ്റപ്പാലം സബ്കോടതിയിൽ ശ്രീ.കെ.വി.മാത്യു എന്നൊരാൾ ശ്രീ.മാരിമുത്തുവിനെ എതിർകക്ഷിയായി ഫയൽ ചെയ്ത O.S 21/2010-ലെ IA.1206/2011-ലെ എക്സ്പാർട്ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഒറ്റപ്പാലം സബ്ജഡ്ജ് 520/2012 നം. തീരാധാരപ്രകാരം അഗളി സബ് രജിസ്ട്രാർ ഓഫീസ് മുഖാന്തിരം സർവ്വെ നം.1167/1, 1167/6 എന്നിവയിൽപ്പെട്ട 56.66 ആർ (1 ഏക്കർ 40 സെന്റ്) ഭൂമി ശ്രീ.കെ.വി.മാത്യു എന്നവർക്ക് എഴുതിക്കൊടുത്തതായി കാണുന്നു.

(അനുബന്ധം-10) ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ.വി.മാത്യു, പ്രിലിമിനറി സർവ്വെ നം.1167/1-ൽപ്പെട്ട 1.40 ഏക്കർ ഭൂമിയ്ക്ക് കരം ഒടുക്കിയിട്ടുണ്ട്. **(അനുബന്ധം-11)** ടി കരമൊടുക്ക് രസീതിയിൽ പ്രിലിമിനറി സർവ്വെ നം.1167/7-ൽപ്പെട്ട ഭൂമിയുടെ വിശദാംശങ്ങൾ പ്രതിപാദിച്ചിട്ടില്ല. ശ്രീ.കെ.വി.മാത്യുവിന് ലഭിച്ച പ്രിലിമിനറി സർവ്വെ നം.1167/1-ൽപ്പെട്ട 1.40 ഏക്കർ ഭൂമിയിൽ നിന്നും 50 സെന്റ് ഭൂമി 30-12-2017-ൽ അഗളി സബ് രജിസ്ട്രാർ ഓഫീസിലെ 1354/17-ാം നം.തീറാധാരപ്രകാരം ശ്രീ.ജോസഫ് കുര്യൻ എന്നവർക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. **(അനുബന്ധം-13)** ടി ഭൂമിയിൽ ഭാരത് പെട്രോൾ സംഭരണ പമ്പ് സ്ഥാപിക്കുന്നതിന് DC PKD/14809/2019/D3 തീയതി 07-07-2022 പ്രകാരം, നിരാക്ഷേപപത്രം ടി ഭൂമിയിന്മേലുള്ള TLA അപ്പീൽ ഹർജ്ജിയുടെ അന്തിമ വിധിയ്ക്ക് വിധേയമായി വ്യവസ്ഥ ചെയ്തുകൊണ്ട് അനുവദിച്ചിട്ടുണ്ട്. **(അനുബന്ധം-14)**

മേൽ പരാമർശിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ അട്ടപ്പാടി താലൂക്കിലെ അഗളി വില്ലേജിലെ പ്രിലിമിനറി സർവ്വെ നം.1167/1, 1167/6 എന്നിവയിൽപ്പെട്ട ഭൂമി സംബന്ധിച്ച കൈമാറ്റങ്ങളുടെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

## 4 അന്യാധീനത്തിലും അവകാശത്തർക്കത്തിലും പെട്ട കൈമാറ്റങ്ങൾ

**(എ)**

| വസ്തു | | എഴുതിക്കൊടുത്ത ആൾ | എഴുതി വാങ്ങിയ ആൾ | ഡോക്യുമെന്റ് നം. | SRO | റിമാർക്സ് |
|---|---|---|---|---|---|---|
| സർവ്വെ നം. | വിസ്തീർണ്ണം | | | | | |
| സർവ്വെ ചെയ്തിട്ടില്ല | 4 ഏക്കർ | മണ്ണക്കാരൻ മണിയൻ മകൻ നാഗൻ (പട്ടികവർഗ്ഗ വിഭാഗം) | ബോയൻ മകൻ മാരിബോയൻ (മറ്റ് പിന്നാക്ക വിഭാഗം) | 616/1962 | മണ്ണാർക്കാട് | പുതിയ സർവ്വെ നം.1167/11 വിസ്തീർണ്ണം 1.30 ഏക്കർ |

ബോയൻ മകൻ മാരിബോയനിൽ നിന്നും പിൻതുടർച്ചാവകാശം വഴി മാരിബോയൻ മകൻ കന്തസാമിയ്ക്ക് ടി ഭൂമിയിൽ അവകാശം സിദ്ധിച്ചു.

## (ബി)

| വസ്തു | | എഴുതിക്കൊടുത്ത ആൾ | എഴുതി വാങ്ങിയ ആൾ | ഡോക്യുമെന്റ് നം. | SRO | റിമാർക്സ് |
|---|---|---|---|---|---|---|
| സർവ്വെ നം. | വിസ്തീർണ്ണം | | | | | |
| സർവ്വെ നം. രേഖപ്പെടുത്തിയിട്ടില്ല | മണ്ണാർക്കാട് മാർക്കറ്റിംഗ് സൊസൈറ്റിയ്ക്കും, ഗവൺമെന്റ് ആവശ്യത്തിലേയ്ക്കായി പൊന്നുംവിലയ്ക്ക് നൽകിയ ഭൂമിയും, കഴിച്ച് ശ്രീ.പി.ഗോപാലമേനോന് ജന്മമായി അവശേഷിച്ച മുഴുവൻ ഭൂമിയും വിസ്തീർണ്ണം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതും 906/62 ലെ ഡോക്യുമെന്റിലെ പട്ടികയിൽ ക്രമ നം.1 മുതൽ 7 വരെ അതിരുകൾ കാണിച്ചു നൽകിയിട്ടുള്ള ഭൂമി | പരപ്പിൽ കുഞ്ഞുലക്ഷ്മി അമ്മ മകൻ ഗോപാല മേനോൻ | മാരിബോയൻ മകൻ കന്തസാമി ബോയൻ | 906/1962 | അഗളി | പുതിയ സർവ്വെ നം.1167/6 പ്രിലിമിനറി സർവ്വെ പ്രകാരം 2.11 ഏക്കർ |

## (സി)

| വസ്തു | | എഴുതിക്കൊടുത്ത ആൾ | എഴുതി വാങ്ങിയ ആൾ | ഡോക്യുമെന്റ് നം. | SRO | റിമാർക്സ് |
|---|---|---|---|---|---|---|
| സർവ്വെ നം. | വിസ്തീർണ്ണം | | | | | |
| 1167/1, 1167/6 | 56.66 ആർ 1.40 സെന്റ് | എ.ശങ്കരൻനായർ, സബ്ജഡ്ജ്, ഒറ്റപ്പാലം | കല്ലുവേലിൽ കെ.ജി.വർക്കി മകൻ കെ.വി.മാത്യു | 520/12 | അഗളി | ശ്രീ.കെ.വി.മാത്യു, മാരിമുത്തുവിനെതിരെ ഒറ്റപ്പാലം സബ്കോടതിയിൽ ഫയൽ ചെയ് OS.21/2010, IA-1206/11 നം.വിധിയുടെ അടിസ്ഥാനത്തിൽ, ഒറ്റപ്പാലം സബ്ജഡ്ജ് തീറാധാരം ചെയ്തു നൽകിയതു വഴി ലഭ്യമായ ഭൂമി |

## (ഡി)

| വസ്തു | | എഴുതിക്കൊടുത്ത ആൾ | എഴുതി വാങ്ങിയ ആൾ | ഡോക്യുമെന്റ് നം. | SRO | റിമാർക്സ് |
|---|---|---|---|---|---|---|
| സർവ്വെ നം. | വിസ്തീർണ്ണം | | | | | |
| 1167/1 | 20.24 ആർ (50 സെന്റ്) | കല്ലുവേലിൽ കെ.ജെ.വർക്കി മകൻ കെ.വി.മാത്യു | കുര്യൻ മകൻ ജോസഫ് കുര്യൻ | 1354/I/ 2017 | അഗളി | തീറാധാരം |

മണ്ണാർക്കാട് TLB ചെയർമാന്റെ 12-02-1987-ലെ CC.638/1973 നം.ഉത്തരവ് പ്രകാരം ശ്രീ.കന്തസാമി ബോയനിൽ നിന്നും 28-12-1987-ൽ അഗളി വില്ലേജ് ഓഫീസർ സർവ്വെ നം.1073, 1103/2, 1098/3, 1167/1, 1167/6, 1093/5 എന്നീ സർവ്വെ നമ്പരുകളിൽ ഉൾപ്പെട്ട 11.30 ഏക്കർ ഭൂമി, മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുണ്ട്. 04-12-2007-ലെ CC.638/73-ാം നം.ഉത്തരവ് പ്രകാരം പ്രി.ലി.സർവ്വെ നം.1121, 1074, 1093, 1093/5 എന്നിവയിൽ ഉൾപ്പെട്ട 19.91 ഏക്കർ ഭൂമിയും മിച്ചഭൂമിയായി ഏറ്റെടുക്കാൻ ഉത്തരവ് നൽകിയിട്ടുള്ളതായി കാണുന്നു. മിച്ചഭൂമിയായി സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ, 1975-ലെ Kerala Scheduled Tribe ആക്ടിന്റെ പരിധിയിൽ വരുന്ന പട്ടികവർഗ്ഗഗോത്ര ഭൂമിയും ഉൾപ്പെട്ടതായി കാണുന്നു. കൂടാതെ കന്തസാമി ബോയന്റെ പേരിലുള്ള TLB കേസുകളിൽ അപ്പീലുകൾ ഫയൽ ചെയ്യുകയും ടിയാന്റെ അവകാശികൾ എന്ന് അവകാശപ്പെട്ട ശ്രീമതി.ഈശ്വരിഅമ്മാൾ, ശ്രീമതി.കൃഷ്ണവേണി, ഈശ്വരിഅമ്മാളുടെ മകൾ ശ്രീമതി.വനജ മുതലായവർ ബഹു.സുപ്രീം കോടതി, ഹൈക്കോടതി, കേരളത്തിനകത്തും പുറത്തുമുള്ള വിവിധ കോടതികളിലായി അവകാശത്തർക്കം ഉന്നയിച്ച് നിരവധി വ്യവഹാരങ്ങൾ നിലനിൽക്കുന്നതായും കാണുന്നു.

പട്ടിക എ യിൽ പറഞ്ഞിരിക്കുന്ന ഭൂമി ശ്രീ.മണ്ണക്കാരൻ മകൻ നാഗന്റെ അവകാശത്തിലുണ്ടായിരുന്നതും 1975-ലെ Kerala Scheduled Tribe Act പ്രകാരം

തിരികെ ലഭിക്കുന്നതിന് ശ്രീ.നാഗൻ ഒറ്റപ്പാലം ആർ.ഡി.ഒ, മുൻപാകെ TLA.297/87 പ്രകാരം അപേക്ഷ നൽകുകയും അഗളി വില്ലേജ് ഓഫീസറുടെ ഫീൽഡ് പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ TLA 297/87 തീയതി 11-10-1995 പ്രകാരം ശ്രീ.കന്തസാമി ബോയൻ, Kerala Scheduled Tribe Act 1975 ലെ സെക്ഷൻ 4(3) ലെ വ്യവസ്ഥകൾക്ക് വിധേയമായി സെക്ഷൻ 6(3) പ്രകാരം അപേക്ഷകനായ ശ്രീ.നാഗന് ടി ഭൂമിയുടെ കൈവശം വിട്ടുനൽകുന്നതിന് ഉത്തരവായിട്ടുള്ളതായി കാണുന്നു. **(അനുബന്ധം-15)** ടി ഉത്തരവിനെതിരെ ശ്രീ.കന്തസാമിബോയൻ പാലക്കാട് ജില്ലാകളക്ടർ മുൻപാകെ LRG6/3947/96, നമ്പർ പ്രകാരം KST Act സെക്ഷൻ 6(5) പ്രകാരം അപ്പീൽ സമർപ്പിക്കുകയും, പ്രസ്തുത അപ്പീലിന്മേൽ 1999-ലെ The Kerala Restriction on Transfer by and Restoration of lands to Scheduled Tribes Act സെക്ഷൻ 5(1) (2) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടികവർഗ്ഗത്തിലെ ഒരംഗം പട്ടികവർഗ്ഗക്കാരനല്ലാത്ത ഒരാൾക്ക് 01-01-1960-നും അതിനുശേഷം 2 ഹെക്ടറിൽ കവിയാത്ത ഭൂമി കൈമാറ്റം ചെയ്താൽ, ടി കൈവശം അസാധുവാകുന്നതല്ലെന്നും, ആയതിനാൽ അപ്പീൽകക്ഷിയായ ശ്രീ.കന്തസാമിക്ക് പരാതിയ്ക്കടിസ്ഥാനമായ ഭൂമി കൈവശത്തിൽ വയ്ക്കാം എന്നും മേൽ നിയമത്തിലെ സെക്ഷൻ 6 പ്രകാരം അപ്പീലിലെ എതിർകക്ഷി ശ്രീ.നാഗൻ എന്നവർക്ക്, ശ്രീ.കന്തസാമിക്ക് കൈമാറ്റം ചെയ്യപ്പെട്ട ഭൂമിക്ക് പകരം തത്തുല്യമായ അളവിൽ ഭൂമി പതിച്ചു നൽകാവുന്നതാണെന്നും കാണിച്ച് മേൽ കേസ് പുതുതായി പരിഗണിച്ച് തീർപ്പുകൽപ്പിക്കുന്നതിന് ഉത്തരവായി റിമാൻഡ് ചെയ്തിരുന്നു. **(അനുബന്ധം-16)** 1975-ലെ KST Act (Restriction on Transfer of Lands and Restoration of Alienated Lands) Rules, 1986 പരിഷ്കരിച്ച് കേരള നിയമസഭ പാസ്സാക്കിയ The Kerala Restriction on Transfer by and Restoration of Lands Act, 1999 -നെതിരായി ബഹു.സുപ്രീം കോടതി Peoples Union for Civil Liberties Kerala State Unit and Others ഫയൽ

ചെയ്ത CA No.104-105/2001 നം.കേസ്സിൽ 21-07-2009-ൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതാണ്. **(അനുബന്ധം-17)**

മുകളിൽ പട്ടിക (സി) യിൽ പറഞ്ഞിരിക്കുന്ന ശ്രീ.കെ.ജെ.വർക്കി മകൻ കെ.വി.മാത്യു എന്നവർക്ക് അട്ടപ്പാടി താലൂക്കിലെ അഗളി വില്ലേജിൽ ശ്രീ.കന്തസ്വാമി ബോയൻ പേരിലുള്ള പ്രിലിമിനറി സർവ്വെ നം.1167/1-ൽപ്പെട്ട 1.40 ഏക്കർ ഭൂമി ലഭിച്ചത്, ശ്രീ.കന്തസ്വാമി ബോയൻ എന്നവരുടെ മകൻ എന്ന് അവകാശപ്പെടുന്ന ശ്രീ.മാരിമുത്തുവുമായുള്ള ഒരു വിൽപന കരാറിന്മേലുണ്ടായ വ്യവഹാരങ്ങളുടെ അടിസ്ഥാനത്തിലാണ്. ശ്രീ.മാരിമുത്തു, ശ്രീ.കെ.വി.മാത്യുവുമായി 12-04-2009-ൽ എഴുതപ്പെട്ട കരാർ പത്രത്തിലെ വ്യവസ്ഥകൾ പാലിക്കാതെ വന്നതിനാൽ, ഒറ്റപ്പാലം സബ്കോടതിയിലെ O.S.21/2010-ാം നമ്പർ വ്യവഹാരത്തിൽ 27-02-2010 തീയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഒറ്റപ്പാലം സബ്ജഡ്ജ് സർവ്വെ നം.1167/1, 1167/6 എന്നിവയിൽപ്പെട്ട 56.66 ആർ ഭൂമി, ശ്രീ.കെ.വി.മാത്യുവിന്റെ പേരിൽ എഴുതി നൽകുകയുണ്ടായി. ടി O.S.21/2010-ാം നമ്പർ വ്യവഹാരത്തിലെ എതിർകക്ഷിയായ ശ്രീ.മാരിമുത്തു ഹാജരാകാത്തതിനാൽ, exparte ആയി വിധിയുണ്ടാകുകയും, ടി വിധിന്യായത്തിന്റെ **(അനുബന്ധം-18)** അടിസ്ഥാനത്തിൽ ഒറ്റപ്പാലം സബ് ജഡ്ജ് സർവ്വെ നം.1167/1, 1167/6 എന്നിവയിൽപ്പെട്ട 56.66 ആർ ഭൂമി (1.40 ഏക്കർ) ശ്രീ.കെ.വി.മാത്യുവിന്റെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകുകയുണ്ടായി. ടി O.S.21/2010 നം. വ്യവഹാരത്തിൽ എതിർകക്ഷിയായ ശ്രീ.മാരിമുത്തു ഹാജരാകാത്തതിനാൽ exparte ആയി വിധിയുണ്ടാകുകയും ടി വിധിന്യായത്തിൽ ഭൂമി സംബന്ധിച്ച അവകാശം പരിശോധിക്കുന്നതിനായി, Ext.A1 ആയി പരാതികക്ഷി ശ്രീ.കെ.വി.മാത്യുവും എതിർകക്ഷി ശ്രീ.മാരിമുത്തുവും തമ്മിലുള്ള കരാർപത്രവും Ext.A2 ആയി അഡ്വക്കേറ്റ്

മുഖേന എതിർകക്ഷിയ്ക്ക് നൽകിയ നോട്ടീസും ആയതിന്റെ കൈപ്പറ്റ് രസീതും മാത്രമാണ് ബഹു.കോടതി പരിശോധിച്ചിട്ടുള്ളതായി കാണുന്നത്. **(അനുബന്ധം-19)**

O.S.26/2013-ാം നമ്പർ കേസിൽ ബഹു.മണ്ണാർക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതി മുൻപാകെ DW2 സാക്ഷിയായി 24-06-2020-ന് വില്ലേജ് ഓഫീസർ ഇൻചാർജ്ജ് എസ്.വി.ഒ, ശ്രീമതി.ഉഷാകുമാരി.എസ് എന്നവർ, ഹാജരാക്കിയ നാൾവഴി രജിസ്റ്റർ പ്രകാരം സർവ്വെ നം.1167/1,6 വസ്തുവകകളിലെ 2008-2010 നാൾവഴി രജിസ്റ്റർ ആയി കാണിച്ചിരിക്കുന്ന Ext.B5 രസീത് മാരിമുത്തു, S/o.കന്തസാമി, അഗളി എന്ന പേരിൽ ഭൂനികുതി അടച്ചിട്ടില്ല എന്ന് മൊഴി നൽകിയിട്ടുണ്ട്. **(അനുബന്ധം-20)**

O.S.21/2010 വ്യവഹാരത്തിലെ എതിർകക്ഷി ശ്രീ.മാരിമുത്തു കേരളസംസ്ഥാന പട്ടികജാതി ഗോത്രവർഗ്ഗകമ്മീഷൻ മുൻപാകെ ഹാജരാക്കിയ 10-07-1981-ൽ നൽകിയ സ്കൂൾ ട്രാൻസ്ഫർ സർട്ടിഫിക്കറ്റിൽ, നഞ്ചൻ മകൻ മാരിമുത്തു എന്നും, 08-02-2011-ൽ നൽകിയ അഗളി ഗ്രാമപഞ്ചായത്തിന്റെ താമസ സാക്ഷ്യപത്രത്തിൽ **(അനുബന്ധം-21)** കന്തസാമി ബോയൻ മകൻ മാരിമുത്തു എന്നും ആയതിനുശേഷം ലഭ്യമായ തെരഞ്ഞെടുപ്പ് കമ്മീഷൻ തിരിച്ചറിയൽ കാർഡിലും, **(അനുബന്ധം-22)** ആധാറിലും, **(അനുബന്ധം-23)** പിതാവിന്റെ പേര് യഥാക്രമം കന്തസാമി എന്നും, കന്തസാമി ബോയൻ എന്നും രേഖപ്പെടുത്തിക്കാണുന്നു. കേരളസംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗകമ്മീഷന്റെ 3766/B1/2021/PKD/KSCSS/ST നം.ഉത്തരവ് പ്രകാരം ശ്രീ.കന്തസാമി ബോയന്റെ ഭാര്യയെന്ന് അവകാശപ്പെട്ട് ഈശ്വരി അമ്മാൾ, കൃഷ്ണവേണി, രാമി എന്നിവർ അവകാശവാദം ഉന്നയിച്ചിട്ടുള്ളതായും, ടിയാന്റെ അനന്തരാവകാശികളുടെ നിർണ്ണയം സംബന്ധിച്ച് തർക്കവിതർക്കങ്ങളിൽ ബഹു.കോടതി അന്തിമതീരുമാനം പുറപ്പെടുവിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിലും നിയമപരമായ

തെളിവുകളുടെ അഭാവത്തിലും മാരിമുത്തു S/o.നഞ്ചൻ, മാരിമുത്തു S/o.കന്തസാമി നിയമപരമായി ഒരാൾ തന്നെയാണെന്ന് ഭൗതികമായി സ്ഥാപിക്കാൻ കഴിയുകയില്ലായെന്നും പ്രാദേശികാന്വേഷണത്തിൽ ടി മാരിമുത്തു നിലവിൽ അട്ടപ്പാടി താലൂക്ക് പരിധിയിൽ താമസമില്ലായെന്നും ടിയാൾ ഇബ്രാഹിം എന്ന പേര് നേരത്തെ സ്വീകരിച്ചതായും പരാതി സംബന്ധിച്ച് ബഹു.കോടതിയിൽ കേസ് നിലവിലുള്ളതിനാൽ കോടതി മുഖാന്തിരം പ്രശ്നപരിഹാരം കാണേണ്ടതാണെന്ന് നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്. **(അനുബന്ധം-24)**

മേൽ വസ്തുതകളിൽ നിന്നും ശ്രീ.കെ.വി.മാത്യുവിന് ഭൂമി കൈമാറിയത് സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതായി കാണുന്നു. ഒറ്റപ്പാലം സബ് കളക്ടറുടെ 28/02/2020 ലെ TLA297/87 നമ്പർ ഉത്തരവിനെതിരായി പാലക്കാട് ജില്ലാ കളക്ടർ മുമ്പാകെ അപ്പീൽ നിലനിൽക്കുന്നതിനാൽ അപ്പീൽ തീരുമാനം എടുക്കുമ്പോൾ പ്രസ്തുത വിഷയങ്ങൾ കൂടി പരിഗണിച്ച് തീരുമാനം എടുക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകാവുന്നതായി കാണുന്നു.

## 5.ശ്രീ.കന്തസ്വാമി ബോയന്റെ നിയമാനുസൃത അവകാശികൾ -തർക്കം

23-12-2001-ൽ ശ്രീ.കന്തസാമി ബോയൻ മരണപ്പെട്ടു. ടി കന്തസാമി നൽകിയ ഓപ്ഷന്റെ അടിസ്ഥാനത്തിൽ അഗളി വില്ലേജിൽ സർവ്വെ നം. 1093/5, 1121/pt, 1074/pt, 1098/3, 1073/pt, 1103/2, 1167/1 എന്നിവയിലായി 30.97 ഏക്കർ മിച്ചഭൂമിയായി ഏറ്റെടുക്കാൻ 27-09-2001-ലെ CC.638/1973 ഉത്തരവ് പ്രകാരം 11.30 ഏക്കർ ഭൂമി അഗളി വില്ലേജ് ഓഫീസർ സർക്കാരിനുവേണ്ടി കൈവശത്തിൽ ഏറ്റെടുക്കുകയും ബാക്കിയുള്ള മിച്ചഭൂമി ഏറ്റെടുക്കുന്നതിനെതിരായി കന്തസാമി ബോയൻ എന്നവരുടെ അവകാശകക്ഷികൾ കോടതികളിൽ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. കന്തസാമിയുടെ പേരിലുള്ള ഭൂസ്വത്തിൽ മേൽ അവകാശം സ്ഥാപിച്ചുകിട്ടുന്നതിനായി ഭാര്യമാരായി

അവകാശപ്പെട്ട് ഈശ്വരി അമ്മാൾ, കൃഷ്ണവേണി, രാമി എന്നിവർ വരികയും, ടി സ്ത്രീകളുടെ സന്താനങ്ങൾ തമ്മിലുള്ള അവകാശത്തർക്കം ബഹു.കേരള ഹൈക്കോടതി ഉൾപ്പെടെ സംസ്ഥാനത്തിനകത്തും പുറത്തും വിവിധ നീതിന്യായസ്ഥാപനങ്ങളിൽ വ്യവഹാരങ്ങൾ നിലനിൽക്കുന്നതായി അന്വേഷണത്തിൽ ബോധ്യപ്പെട്ട വിവരം ട്രൈബൽ താലൂക്ക് അട്ടപ്പാടി തഹസിൽദാർ C1-2917/2021 തീയതി:08-03-2022 പ്രകാരം **(അനുബന്ധം-25)** റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി വ്യവഹാരത്തിൽ അന്തിമ തീർപ്പു കൽപ്പിച്ചാൽ മാത്രമേ കന്തസാമി ബോയൻ എന്നവരുടെ യഥാർത്ഥ പിൻതുടർച്ചാവകാശികൾ ആരൊക്കെയാണെന്നുള്ളതിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളു എന്ന് കാണുന്നു.

**6. <u>1975, 1999 പട്ടികവർഗ്ഗഭൂമി കൈമാറ്റ നിയന്ത്രണ നിയമം</u>**

"The Kerala Scheduled Tribes (Restriction on Transfer of Lands and Restoration of Alienated Lands) Act, 1975" -ലെ വകുപ്പ് 2 നിർവചനങ്ങൾ ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നു. "In this Act unless the context otherwise requires'-

(a) "Competent Authority", with reference to any land, means the District Collector of the District in which the land is situate or any other officer appointed by the Government to be the competent authority for the purposes of this Act for the area in which that land is situate;

(b) **<u>"immovable property" includes standing crops and trees but does not including growing grass</u>**

(c) "prescribed" means prescribed by rules made under this Act

(d) "Revenue Divisional Officer" with reference to any land means the Revenue Divisional Officer having jurisdiction over the area in which that land is situate or any other officer appointed by the Government to perform the functions of the Revenue Divisional Officer under this Act, in the area in which that land is situate

(e) "Scheduled Tribe" means any of the Scheduled Tribes in relation to the State us specified in the Constitution. (Scheduled Tribes) Order 1950

(f) "State" means the State of Kerala

(g) "Transfer" in relation to immovable property means an Act by which immovable property is conveyed by any documentary or oral transaction whether by way of mortgage with or without possession lease, sale, gift of exchange or in any other manner, not being a testamentary disposition; and includes charge, 'vilapanayam' unduruthi contract relating to immovable property, mortgage, pledge or hypothecation of crops or standing trees on payment of consideration or otherwise voluntary surrender and abandonment.

Explanation – For the purpose of this clause –

(i) 'vilapanayam means hypothecation of crops on payment of consideration or otherwise;

(ii) 'Unduruthi' means an assignment of the right to collect the usufructs available or anticipated to be available on any land during a specified term for a specified price.

എന്നാൽ "The Kerala Scheduled Tribes (Restriction on Transfer of Lands and Restoration of Alienated Lands) Act, 1999" വകുപ്പ് 2-ലെ നിർവചനങ്ങൾ ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നു. In this Act unless the context otherwise requires, -

(a) "competent authority", with reference to any land means the District Collector of the District in which the land is situate or other officer appointed by the Government to be the competent authority for the purpose of this Act for the areas in which the land is situate.

**(b)** "Land" means any **agricultural land**

(c) "Prescribed" means prescribed by rules made under this Act.

(d) "Revenue Divisional Officer" with reference to any land means the Revenue Divisional Officer having jurisdiction over the area in which that land is situate of any other officer appointed by the Government to perform the functions of the Revenue Divisional Officer under this Act in the area in which that area situate.

(e) "Scheduled Tribes" means any of the Scheduled Tribes in relation to the State as specified in the constitution (Scheduled Tribes) Order 1950.

(f) "State" means the State of Kerala

(g) "Transfer" means the transfer made by any person belonging to the scheduled of lands in his ownership and possession to a person other than a member of

scheduled tribe by way of sale, mortgage, leas, gift and includes vilapanayam unduruthi.

Explanation – For the purpose of this clause –

(i) 'vilapanayam' means hypothecation of crops on payment of consideration or otherwise;

(ii) 'Unduruthi' means an assignment of the right to collect the usufructs available or anticipated to be available on any land during a specified term for a specified price.

"The Kerala Scheduled Tribes (Restriction on Transfer of Lands and Restoration of Alienated Lands) Act, 1999" വകുപ്പ് (5)-ലെ Certain Transfers to be invalid- ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നു.

(1) Notwithstanding anything to the contrary contained in any other law or in any contract, custom, or usage or in any judgment, decree, or order of any court, any transfer of land possessed, enjoyed or owned by a member of Scheduled Tribe to a person other than a member of Scheduled Tribe, effected on or after the 1st day of January ,1960b and before the commencement of this Act shall be deemed to be invalid:

Provided that nothing in this section shall render invalid any transfer of land possessed, enjoyed or owned by a member of a Scheduled Tribe to a person

other than a member of a Scheduled Tribe effected during the aforesaid period and the extent of which does not exceed two hectares

(2) Notwithstanding anything contained in sub section (1) or in any judgment, decree, or order of any court, or other authority, in case where the land involved in such transfer is used for agricultural purposes, the transferee thereof shall be entitled to retain in his possession the said land up to an extend of two hectares which shall be demarcated by the Revenue Divisional Officer by order and in the manner as may be prescribed.

"The Kerala Scheduled Tribes (Restriction on Transfer of Lands and Restoration of Alienated Lands) Act, 1999" വകുപ്പ് (6)-ലെ Allotment of Lands- ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നു.

Notwithstanding anything contained in sub section (5) or in any judgment, decree, or order of any court, or other authority, a member of a Scheduled Tribe who had effected any transfer of land ,possessed, or enjoyed or owned by him, to a person other than a member of a Scheduled Tribe , between the 1st day of January , 1960 and the 24th day of January 1986 and where an application for restoration of right of the Kerala Scheduled Tribes(Restriction of Transfer of Lands and Restoration of Alienated lands)Act 1975 (31 of 1975)has been filed before publication of this Act,in the Gazette, but the possession or enjoyment thereof, has not been restored to him and such transfer has been validated by the proviso to sub-section (1) of Section

(5) or the transferee thereof has been made eligible for the retention of said land under sub-section(2) of Section (5) shall be entitled to restoration equal extent of land by way of allotment from the Government;

Provided that where the extent of the land so allotted in respect of which there is eligibility for restoration of rights, is less than forty ares, Government shall allot the rest of the land required to make the total extent equal to forty ares (one Acre)

"The Kerala Scheduled Tribes (Restriction on Transfer of Lands and Restoration of Alienated Lands) Act, 1999" വകുപ്പ് (22)-ലെ Repeal and saving-ഇപ്രകാരംവ്യവസ്ഥചെയ്യുന്നു.

(1) The Kerala Scheduled Tribes (Restriction on Transfer of Lands and Restoration of Alienated lands )Act 1975(31 of 1975) is hereby repealed.

(2) Notwithstanding the repeal of the said Act, all orders issued by the competent authority or the Revenue Divisional Officer, so far as they are not inconsistent with the provisions of this Act shall be deemed to have been made under corresponding provisions of this act and shall continue to be in force accordingly unless and until superseded by anything done or in any action taken under this Act. Every proceedings pending before a Court on a complaint under section 14 of the said Act shall be deemed as proceeding under the corresponding provisions of this Act and shall be contained accordingly.

മേൽ സൂചിപ്പിച്ച 1975–ലെ നിയമത്തിലെയും 1999–ലെ നിയമത്തിലെയും വ്യവസ്ഥകളിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഗോത്രവർഗ്ഗഭൂമി കൈമാറ്റനിയന്ത്രണ നിയമത്തിന്റെ അന്ത:സത്തയെ ബാധിക്കുന്ന വിധത്തിൽ 1999–ലെ നിയമത്തിൽ വ്യവസ്ഥകൾ കൂട്ടിച്ചേർത്തതായി ഗോത്രവർഗ്ഗപ്രതിനിധികൾ സംയുക്ത പരിശോധനാവേളയിൽ ആരോപണം ഉന്നയിച്ചിട്ടുണ്ട്. പട്ടികവർഗ്ഗഭൂമി തിരികെ ആദിവാസിക്ക് പുന:സ്ഥാപിക്കുന്നതിനായി നടത്തിയ നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള കാർഷിക ഭൂമിയും കാർഷികേതര ഭൂമിയും തമ്മിലുള്ള കൈമാറ്റങ്ങളെ സംബന്ധിച്ച് ബഹു.സുപ്രീം കോടതിയുടെ വിധിന്യായത്തിൽ പരമാർശങ്ങൾ ഉണ്ടായിട്ടുണ്ട്. ടി വിധിന്യായം 1975–ലെ ഗോത്രവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണ നിയമത്തിനെ പിൻതാങ്ങുന്നതായി ഗോത്രവർഗ്ഗ പ്രതിനിധികൾ സംയുക്ത പരിശോധന വേളയിൽ അഭിപ്രായപ്പെട്ടിരുന്നു.

1999–ലെ ഗോത്രവർഗ്ഗഭൂമി കൈമാറ്റ നിയന്ത്രണവും പുന:സ്ഥാപിക്കലും നിയമത്തിന് 24–01–1976 തീയതിയിൽ മുൻകാലപ്രാബല്യമുണ്ടാകുമെന്നും (വകുപ്പ് 1) ടി നിയമത്തിലെ വകുപ്പ് (6) പ്രകാരം 1960 ജനുവരി 1–ാം തീയതിയ്ക്കും 1986 ജനുവരി 24–ാം തീയതിയ്ക്കും ഇടയിൽ ഗോത്രവർഗ്ഗത്തിലെ ഒരംഗം തന്റെ കൈവശത്തിലോ അനുഭവാവകാശത്തിലോ ഉണ്ടായിരുന്ന ഭൂമി ഗോത്രവർഗ്ഗവിഭാഗത്തിൽ ഉൾപ്പെടാത്ത മറ്റൊരാൾക്ക് കൈമാറ്റം നടത്തിയിട്ടുണ്ടെങ്കിൽ ടി നിയമം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു മുൻപ് 1975 നിയമത്തിലെ 6–ാം വകുപ്പ് അനുശാസിക്കുംവിധം അവകാശം പുന:സ്ഥാപിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ച് അന്യാധീനപ്പെട്ട ഭൂമിയുടെ കൈവശാവകാശമോ അനുഭവാവകാശമോ പുന:സ്ഥാപിച്ചു കിട്ടിയിട്ടില്ലെങ്കിൽ അത്തരത്തിൽ കൈമാറ്റം ചെയ്യപ്പെട്ട ഭൂമിയുടെ കൈവശാവകാശമോ അനുഭവാവകാശമോ, 1999 നിയമത്തിലെ 5–ാം വകുപ്പിലെ (1), (2) ഉപവകുപ്പുകളിലെ വ്യവസ്ഥകൾ അനുശാസിക്കും വിധം കൈമാറ്റം ചെയ്തു

കിട്ടിയവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരമാണ് നിലവിൽ അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിക്കൽ നടപടികൾ തുടർന്നുവരുന്നത്.

കേരള പട്ടിക വർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമം 1999 പ്രകാരമുള്ള ചട്ടങ്ങൾ നിലവിൽ വരാത്തതിനാൽ 1999 ലെ കേരള പട്ടിക വർഗ്ഗ ഭൂനിയമ പ്രകാരം അപേക്ഷകർക്ക് വ്യക്തമായി മറുപടി നൽകുവാൻ കഴിയുന്നില്ല എന്നും ആയതിനാൽ 1975 ലെ പട്ടിക വർഗ്ഗ ഭൂനിയമം റിപ്പീൽ ചെയ്തുകൊണ്ട് നിലവിൽ വന്ന 1999ലെ കേരള പട്ടിക വർഗ്ഗ ഭൂനിയമം നിലവിൽ നിയമ സാധൂതയുള്ളതല്ലേ എന്നും ടി.എൽ.എ കേസുകളിൽ മേൽ പറഞ്ഞ നിയമങ്ങളിൽ ഏത് നിയമ പ്രകാരം നടപടികൾ സ്വീകരിക്കണമെന്നും സംബന്ധിച്ച് മേൽ നിർദ്ദേശം ഉണ്ടാകണമെന്ന് അപേക്ഷിച്ച് പാലക്കാട് ജില്ലാ കളക്ടർ 21/06/2022 ലെ DCPKD/5458/2022/LRG3 നമ്പർ പ്രകാരം ബഹു.റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കും ബഹു.ലാൻഡ് റവന്യൂ കമ്മീഷണർക്കും കത്ത് നൽകിയിട്ടുള്ളതായി കാണുന്നു **(അനുബന്ധം – 26)**

ആദിവാസി ഭൂമി അന്യാധീനം സംബന്ധിച്ച ശ്രീമതി നഞ്ചിയമ്മ മുതൽ പേരുടെ അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതിന് ബഹു.ഒറ്റപ്പാലം സബ് കോടതിയിലെ ഒ.എസ് നം.21/2010 കേസുമായി ബന്ധപ്പെട്ട ഉത്തരവിന്റെയും എക്സിബിറ്റുകളുടെയും പകർപ്പും കൂടാതെ മാരിമുത്തു എന്നവർ തർക്ക സ്ഥലം കൈവശം വെച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കേണ്ടതുള്ളതായും. ആയത് ലഭ്യമാക്കി എത്രയും വേഗം ശ്രീമതി.നഞ്ചിയമ്മ മുതൽ പേർ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതാണെന്ന് പാലക്കാട് ജില്ലാ കളക്ടറുടെ 13/12/2022 ലെ

DCPKD/16534/2019/LRG3 നമ്പർ കത്ത് പ്രകാരം ബഹു.ലാൻഡ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായി കാണുന്നു (**അനുബന്ധം 27**).

## IV ശുപാർശ

1. ശ്രീ.മാരിബോയൻ എന്നവർക്ക് ശ്രീ.നാഗൻ കൈമാറിയ ഗോത്രവർഗ്ഗവിഭാഗത്തിൽ ഉൾപ്പെടുന്ന ഭൂമി പിൻതുടർച്ചവഴി ശ്രീ.കന്തസ്വാമിയ്ക്ക് ലഭിക്കുകയും ടി ഭൂമി അട്ടപ്പാടി TLB മുൻപാകെയുള്ള മിച്ചഭൂമി ഓപ്ഷൻ പ്രകാരം അഗളി വില്ലേജിൽ പ്രിലിമിനറി സർവ്വെ നം.1167/1-ൽപ്പെട്ട 2.70 ഏക്കർ ഭൂമിയിൽ നിന്നും 1.30 ഏക്കർ ഭൂമിയിൽ നിന്നും ഏറ്റെടുത്തതിൽ നിന്ന് കുറച്ച് കന്തസ്വാമി ബോയന് 1999 നിയമത്തിലെ വകുപ്പ് 5(1), 5(2) പ്രകാരം നിലനിർത്തിയ ഭൂമി ശ്രീ.കെ.വി.മാത്യുവിന് കൈമാറിയ എല്ലാ നടപടിക്രമങ്ങളും പുനഃപരിശോധിക്കേണ്ടതായിട്ടുണ്ട്. ടി കൈമാറ്റം നിയമാനുസൃത പ്രകാരമല്ലെങ്കിൽ ടി വിഷയത്തിൽ സർക്കാർ കക്ഷിചേർന്ന് പ്രസ്തുത കൈമാറ്റം റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ പാലക്കാട് ജില്ലാ കളക്ടർ മുഖേന സ്വീകരിക്കാൻ നിർദ്ദേശം നൽകാവുന്നതാണ്.
2. ശ്രീ.കന്തസ്വാമി ബോയനിൽ നിന്നും മിച്ചഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് നിലവിൽ നടന്നുവരുന്ന വ്യവഹാരങ്ങളിൽ ശ്രീ.കന്തസ്വാമി ബോയന്റെ അവകാശികൾ എന്നു കാണിച്ച് ഹാജരാകുന്നവർ, ടിയാന്റെ യഥാർത്ഥ പിൻതുടർച്ചാവകാശികൾ ആണെന്ന് ഒരു സിവിൽ കോടതിയിൽ നിന്നും അവകാശം സംബന്ധിച്ച തെളിവ് നൽകുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

3. 1975–ലെ നിയമം 1999 നിയമത്തിലെ വകുപ്പ് 22 പ്രകാരം റിപ്പീൽ ചെയ്തിട്ടുണ്ട്. ആയതിനാൽ ബഹു.സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നം.104–105/2001 വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 1999–ലെ "The Kerala Scheduled Tribes (Restriction on Transfer of Lands and Restoration of Alienated Lands) Act" –ലെ എല്ലാ വ്യവസ്ഥകളും നിലവിൽ നടപ്പിലാക്കാവുന്നതാണോ എന്നത് സംബന്ധിച്ച് നിയമവകുപ്പിൽ നിന്നും അഭിപ്രായം ആരാഞ്ഞ് ഗോത്രവർഗ്ഗഭൂമി കൈമാറ്റ നിയന്ത്രണ നിയമം അനുശാസിക്കുന്ന വിധം ഗോത്രവർഗ്ഗക്കാരുടെ ഭൂമി പുന:സ്ഥാപിക്കൽ നടപടികളും അപ്പീലുകളും പരിഗണിക്കാവുന്നതാണോ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ആരായാവുന്നതാണ്.

അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നു.

ഡെപ്യൂട്ടി കളക്ടർ (റവന്യൂ വിജിലൻസ്)
മദ്ധ്യമേഖല